**പതിമൂന്നാം കേരളനിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 263** — **10.06.2013 -ലെ മറുപടിക്ക്**

**പൗലോസ് തോമസിന്റെ മരണം സംബന്ധിച്ച് അന്വേഷണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) മൂവാറ്റുപുഴ കാവുംപടി പാഴകാനിയിൽ പൗലോസ് തോമസ് എന്നയാൾ കോയമ്പത്തൂരിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചത് സംബന്ധിച്ച് ബന്ധുക്കൾ നൽകിയ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) മൂവാറ്റുപുഴ കാവുംപടി പാഴകാനിയിൽ പൗലോസ് തോമസ് എന്നയാൾ കോയമ്പത്തൂരിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ചതുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ മകൻ ഡോ. സൂരജ് തോമസ് നൽകിയ പരാതി ഈ വകുപ്പിൽ ലഭിക്കുകയും പ്രസ്തുത പരാതി അനന്തര നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോയമ്പത്തൂർ പോലീസ് കമ്മീഷണർക്ക് അയച്ച് കൊടുത്തിട്ടുമുണ്ട്. കേസുമായി ബന്ധപ്പെട്ട് മറ്റു വിവരങ്ങളൊന്നും ലഭ്യമായിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | തമിഴ്നാട് സർക്കാരിൽ സമ്മർദ്ദം ചെലുത്തി അന്വേഷണം ഊർജ്ജിത-മാക്കാനും പ്രത്യേക സംഘത്തെ നിയോഗിച്ച് കൊലയാളികളെ കണ്ടെത്താനും നടപടി സ്വീകരിക്കുമോ ; | (സി) | അന്വേഷണം ഊർജ്ജിതമാക്കണമെന്ന് തമിഴ് നാട് ഗവൺമെന്റിനോട് അഭ്യർ-ത്ഥിക്കാവുന്നതാണ്. |
| (ഡി) | സംഭവത്തിന് ഉത്തരവാദികളായവരെ പിടികൂടുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ; ശാസ്ത്രീയമായ കേസന്വേഷണത്തിന് കേന്ദ്ര ഏജൻസികളെയോ കേരള – തമിഴ്നാട് സംയുക്ത സംഘത്തെയോ നിയമിക്കാൻ തയ്യാറാകുമോ; | (ഡി) | വിവരം ലഭ്യമല്ല |
| (ഇ) | കേസന്വേഷണത്തിന്റെ പുരോഗതി വ്യക്തമാക്കുമോ? | (ഇ) | വിവരം ലഭ്യമല്ല |

സെക്ഷൻ ഓഫീസർ